| |
|---|
| പതിമൂന്നാം കേരള നിയമസഭ |
| പതിനാറാം സമ്മേളനം |

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.315 | 08/02/2016 ൽ മറുപടിക്ക് |

**ബാർ കോഴക്കേസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജു | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) | |
| (എ) | ബാർ കോഴക്കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ബാർ കോഴക്കേസ്സിൽ തുടരന്വേഷണ റിപ്പോർട്ട് ബഹു. തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് പ്രോസിക്യൂഷൻ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഇല്ല. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്. |
| (സി) | കേസ്സ് അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് വിജിലൻസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (സി) | പ്രസ്തുത കേസിന്റെ തുടരന്വേഷണ റിപ്പോർട്ടാണ് കോടതിയിൽ സമർപ്പിച്ചിരിക്കുന്നത്. |
| (ഡി) | പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് വിജിലൻസ് എത്ര റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിച്ചു; ആദ്യം സമർപ്പിച്ച വസ്തുതാറിപ്പോർട്ടും, അന്തിമ റിപ്പോർട്ടും വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വൈരുദ്ധ്യം ഉണ്ടാകാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് വിജിലൻസ് ബ്യൂറോ 2 (രണ്ട്) റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത 2 (രണ്ട്) റിപ്പോർട്ടുകളിലും വൈരുദ്ധ്യം ഇല്ല. |

സെക്ഷൻ ഓഫീസർ